# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -328 17.12.2015-ൽ മറുപടിക്ക്

**കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, വി.പി. സജീന്ദ്രൻ<br>,, എം.എ. വാഹിദ്<br>,, എം.പി. വിൻസെന്റ് | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു: മുഖ്യമന്ത്രി |

| | | |
|---|---|---|
| (എ) | കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്? | കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തപ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്റ്റുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട ആക്റ്റുകൾ ഒഴികെ 102 ആക്റ്റുകൾ റദ്ദാക്കുന്നതിനുള്ള 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കുകയും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശം നൽകുമോ | കാലഹരണപ്പെട്ടതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് കാലകാലങ്ങളിൽ ആക്റ്റുകൾ റദ്ദ് ചെയ്യുന്നത് സഹായകമാണ്. ഇപ്രകാരമുള്ള ആക്റ്റുകൾ റദ്ദാക്കിക്കഴിഞ്ഞാൽ നിലവിലുള്ളതും സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതുമായ നിയമങ്ങൾ ഏതെല്ലാമാണെന്ന് കണ്ടുപിടിക്കുന്നത് എളുപ്പമായിത്തീരുന്നതാണ്. കൂടാതെ, സാമൂഹിക മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ഇത് സഹായകമാകുന്നതാണ്. ഒരു പ്രത്യേക കാലയളവിലേക്കോ പ്രത്യേക ആവശ്യത്തിലേയ്ക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേയ്ക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. ഭേദഗതി ആക്റ്റുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായി തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട്ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട കാര്യമില്ല. |

| | | |
|---|---|---|
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അംഗീകാരം ലഭിച്ചാലുടൻ ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ